


41845

സ്വീകർത്താവ്
പൊതു വിവരാവകാശ ഓഫീസർ
ഡയറക്ടറേറ്റ് ഓഫ് സോഷ്യൽ ജസ്റ്റിസ്
വികാസ് ഭവൻ, പാളയം - തിരുവനന്തപുരം - 695033.

1 അപേക്ഷകന്റെ മുഴുവൻ പേര് : വൽസൻ. പി.കെ.
2 മേൽവിലാസം : പുതിയ പറമ്പിൽ ഹൗസ്
ഹൗസ് നമ്പർ-44. 4th ക്രോസ് റോഡ്
ഉദയ നഗർ, അയ്യന്തോൾ. പി.ഒ.

26 DEC 2017

സർ,

വിഷയം :- 2005-ലെ വിവരാവകാശ നിയമം പ്രകാരം ബോധിപ്പിക്കുന്ന അപേക്ഷ

അങ്ങയുടെ വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിൽ വരുന്ന വിവിധ ഓഫീസുകളിൽ നിന്നും വിവരങ്ങൾ പ്രത്യേകം വേർതിരിച്ചു നൽകണമെന്ന് അപേക്ഷിക്കുന്നു.

1. അങ്ങയുടെ വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിലെ വിവിധ ഓഫീസുകളിലെ മിനിസ്റ്റീരിയൽ സ്റ്റാഫിലെ അനുവദനീയ തസ്തികകൾ അവയുടെ പേര്, എണ്ണം എന്ന ക്രമത്തിൽ തരം തിരിച്ചു ലഭ്യമാക്കാമോ
2. മേൽ പറഞ്ഞ വിവിധ തസ്തികകളിൽ ഒഴിവുകൾ ഉണ്ടെങ്കിൽ അവ തസ്തികയുടെ പേര്, ഒഴിവു എന്ന ക്രമത്തിൽ തരം തിരിച്ചു ലഭ്യമാക്കാമോ
3. ചോദ്യം നം.2-ൽ ഒഴിവുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ ഒഴിവുകൾ പി.എസ്.സി / മേൽ അധികാരിക്ക് ക്കു റിപ്പോർട്ട് ചെയ്തിട്ടുള്ളത് അതിന്റെ തസ്തിക, എണ്ണം, തിയതി, ഫയൽ നം. എന്നതിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചു ലഭ്യമാക്കാമോ
4. അങ്ങയുടെ വകുപ്പിൽ 2018 ഡിസംബർ 31നുള്ളിൽ വിരമിക്കുന്നവരുണ്ടെങ്കിൽ അവരുടെ എണ്ണം, തസ്തിക, വിരമിക്കൽ തിയതി എന്നതിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചു ലഭ്യമാക്കാമോ
5. അങ്ങയുടെ വകുപ്പിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിന്, പുതിയ ഓഫീസ് തുടങ്ങുന്നതിനു ശിപാർശ നൽകിയിട്ടുണ്ടോ. ഉണ്ടെങ്കിൽ തസ്തിക, എണ്ണം, ഫയൽ നം. തിയതി എന്നതിന്റെ അടിസ്ഥാനത്തിൽ പകർപ്പ് സഹിതം ലഭ്യമാക്കാമോ.

സൂചന 1. വിവരാവകാശ നിയമം 2005 പ്രകാരം വിവരങ്ങൾ നൽകുന്നതിന് അധിക ഫീസ് ആവശ്യമുള്ള പക്ഷം നിയമപ്രകാരം 7(3a) പ്രകാരം നൽകുന്നതാണ്

2. അങ്ങയുടെ ഓഫീസിൽ ലഭ്യമല്ലാത്ത വിവരങ്ങൾ അങ്ങ് നേരിട്ട് കത്ത് പ്രസ്തുത ഓഫീസിനു കൈമാറി വിവരാവകാശ നിയമത്തിലെ ചട്ടം അനുസരിച്ചു വിവരങ്ങൾ ലഭ്യമാക്കണമെന്നും, അപ്പീൽ അധികാരിയുടെ മേൽവിലാസം സഹിതം എത്രയും പെട്ടന്ന് വിവരങ്ങൾ ലഭ്യമാക്കണമെന്നും അപേക്ഷിക്കുന്നു.

സ്ഥലം : തൃശ്ശൂർ
തിയതി: 18/12/17.

Valsan
അപേക്ഷകന്റെ ഒപ്പ്